# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്(2)

**2023 ഒക്ടോബർ 10**

---

## പി.എസ്.സി പരീക്ഷാ പരിശീലനം

മഹാത്മാ സർവകലാശാല എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സൗജന്യ പി.എസ്.സി മത്സര പരീക്ഷാ പരിശീലന പരിപാടി ആരംഭിച്ചു.

ബ്യൂറോ മേധാവി ഡോ. രാജേഷ് മണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോട്ടയം ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർ ജി. സജയൻ ഉദ്ഘാടനം നിർവഹിച്ചു.

എംപ്ലോയ്മെൻറ് ഓഫീസർ(വൊക്കേഷണൽ ഗൈഡൻസ്)പി.ടി. ഗോപകുമാർ, റോണി കൃഷ്ണൻ,ജി. വിജയകുമാർ പി.യു. അഭിലാഷ് തുടങ്ങിയവർ പങ്കെടുത്തു. 36 ദിവസമാണ് പരിശീലനം.

(പി.ആർ.ഒ/39/1213/2023)

## ഹ്രസ്വകാല നൈപുണ്യ വികസന പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡി.എ.എസ്.പി) നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് ഇൻ ഇൻസ്ട്രുമെൻറൽ മെതേഡ്സ് ഓഫ് കെമിക്കൽ അനാലിസിസ് എന്ന ഹ്രസ്വകാല നൈപുണ്യ വികസന പ്രോഗ്രാമിന് ഒക്ടോബർ 18 വരെ അപേക്ഷിക്കാം.

ആറു മാസ ദൈർഘ്യമുള്ള റെഗുലർ പാർട്ട് ടൈം നൈപുണ്യ വികസന പ്രോഗ്രാമിൽ ബിരുദ യോഗ്യതയുള്ളവർക്കാണ് അവസരം. അർഹരായ വിദ്യാർഥികൾക്ക് 70 ശതമാനത്തോളം ഫീസ് ആനുകൂല്യത്തോടെ പഠിക്കാൻ അവസരമുണ്ട് .

വിശദവിവരങ്ങൾ www.dasp.mgu.ac.in എന്ന വെബ്സൈറ്റിൽ. സന്ദർശിക്കുക. ഇമെയിൽ-dasp@mgu.ac.in ഫോൺ: 8078786798

(പി.ആർ.ഒ/39/1214/2023)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.ടി.എ, എം.എച്ച്.എം, എം.എം.എച്ച്, എം.ടി.ടി.എം(സി.എസ്.എസ് - 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014-2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് - ഓഗസ്റ്റ് 2023) പരീക്ഷകൾ നവംബർ 15ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1215/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എഡ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി - ഓഗസ്റ്റ് 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷ ഒക്ടോബർ 25 മുതൽ സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൽ നടക്കും. വിദ്യാർഥികൾ ഹാൾ ടിക്കറ്റുമായി ഹാജരാകണം. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1216/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി സൈബർ ഫോറൻസിക്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 12 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

രണ്ടാം എം.എസ്.സി ഇലക്ട്രോണിക്സ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 13 മുതൽ അതത് കോളജുകളിൽ നടക്കും.

(പി.ആർ.ഒ/39/1217/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**